# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.38. 19.03.2013 ൽ മറുപടിയ്ക്ക്.

ദേശസാൽകൃത റൂട്ടുകളിലെ യാത്രാക്ലേശം

| ചോദ്യം<br>ശ്രീ. ഇ. കെ. വിജയൻ<br>,, ഇ. ചന്ദ്രശേഖരൻ<br>,, കെ. രാജു<br>ശ്രീമതി ഗീതാ ഗോപി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ)ദേശസാൽകൃത റൂട്ടുകളിൽ യാത്രാക്ലേശം രൂക്ഷമായത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കുറവുമൂലമുണ്ടായ യാത്രാക്ലേശം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികളുണ്ടെങ്കിൽ വിശദമാക്കുമോ ; | (എ) | ഇല്ല.<br>കെ.എസ്.ആർ.ടി.സി. പ്രധാനമായും സർവ്വീസ് നടത്തുന്ന ദേശസാൽകൃത റൂട്ടുകളിലും നോട്ടിഫൈഡ് റൂട്ടുകളിലും സർവ്വീസുകൾ പരമാവധി നടത്തുന്നതിനാൽ ദേശസാൽകൃത റൂട്ടുകളിൽ കാര്യമായ യാത്രാക്ലേശം അനുഭവപ്പെടുന്നില്ലായെന്ന് വിലയിരുത്തിയിട്ടുണ്ട്. |
| (ബി)ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് റൂട്ട് പെർമിറ്റ് നൽകാനുദ്ദേശിക്കുന്നുണ്ടോ ; | (ബി) | ഇല്ല. |
| (സി) കെ.എസ്.ആർ.ടി.സി. സർവ്വീസ് പിൻവലിച്ച റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിനുള്ള അനുവാദത്തിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത അപേക്ഷകളിന്മേലുള്ള തീരുമാനം എന്താണെന്ന് വിശദമാക്കുമോ ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ.